പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ 13.07.2015 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 2868

**തീരപരിപാലന നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. തിലോത്തമൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി)** |
| (എ) തീരപരിപാലന നിയമം നടപ്പിലാക്കുമ്പോൾ കടലിന്റെയും കായലിന്റെയും തീരങ്ങളിലുള്ള സർക്കാർ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ഒട്ടേറെ തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി)ദീർഘകാലമായി കായലിനോട് ചേർന്ന് നില്ക്കുന്ന ആശുപത്രികളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും പോലുള്ള സർക്കാർ സ്ഥാപനങ്ങളുടെ നവീകരണപ്രവർത്തനവും പുതിയ വാർഡുകളുടെ നിർമ്മാണവുമെല്ലാം ഈ നിയമം മൂലം തടസ്സപ്പെടുമെന്നിരിക്കേ ജനങ്ങളുടെ നിത്യജീവിതത്തെ സാരമായി ബാധിക്കാവുന്ന ഈ വിഷയത്തിൽ എന്തു പരിഹാര നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (ബി) തീരദേശ മേഖലയായി വിജ്ഞാപനം ചെയ്ത സ്ഥലങ്ങളിൽ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ പൊളിച്ചു നീക്കലും പുനർനിർമ്മാണവും പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടെ മാത്രമേ സാധിക്കുകയുള്ളൂ. ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് കേരളം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) സർക്കാർ ആശുപത്രികളെയും ആരോഗ്യ കേന്ദ്രങ്ങളെയും മറ്റ് സർക്കാർ സ്ഥാപനങ്ങളെയും പ്രസ്തുത നിയമം മൂലമുള്ള വികസന പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനത്തിലെ 4 (ii)i എന്ന ഖണ്ഡികയിലെ വ്യവസ്ഥകൾ പുനഃപരിശോധിച്ച് അനുമതി നൽകുന്നത് സംസ്ഥാന തീരദേശപരിപാലന അതോറിറ്റിക്ക് നൽകണമെന്നു സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ